LIBRARY ARCHIVES Kerala Legislative Assembly

ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനങ്ങളും നേരിടുന്ന വെല്ലുവിളികളും

227 (6678) ശ്രീ. എം. വി. ശ്രേയാംസ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ സങ്കേതങ്ങളിൽ നടപ്പാക്കുന്ന ഗോത്രസാരഥി പദ്ധതിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി നേരിടുന്ന പ്രധാന വെല്ലുവിളികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) പദ്ധതി കാര്യക്ഷമമായി നടപ്പാക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിലയിരുത്തിയിട്ടുണ്ട്. വിവിധ തീയതികളിൽ ചേർന്ന യോഗങ്ങളിൽ ഗോത്രസാരഥിനടത്തിപ്പ്, പുരോഗതി വിവരം എന്നിവ വിലയിരുത്തിയിട്ടുണ്ട്. 2014-15 വർഷത്തിൽ ഗോത്രസാരഥി പദ്ധതി നടത്തിപ്പിനായി അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെയാണ് അർഹമായ സ്കൂളുകളെ തെരഞ്ഞെടുക്കുന്നത്.

(ബി) പട്ടികവർഗ്ഗ വിഭാഗത്തിലെ മുഴുവൻ കുട്ടികളെയും ടി പദ്ധതിയിൽ ഉൾപ്പെടുത്തുവാൻ പര്യാപ്തമായിട്ടുള്ള ഫണ്ട് ലഭ്യമല്ല. കൂടാതെ ദുർഘട മേഖലയിൽ അല്ലാത്ത പട്ടികവർഗ്ഗ സങ്കേതങ്ങളിൽനിന്നും വാഹനങ്ങൾക്കായി ധാരാളംപേർ ആവശ്യപ്പെടുന്നുണ്ട്. ആയതിനാൽ ഏറ്റവും അർഹരായ കുട്ടികളെ മാത്രമാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

(സി) 2014-15 വർഷത്തിൽ ടി പദ്ധതി നടപ്പിലാക്കുന്നതിന് അതാത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ സഹായത്തോടെ സ്കൂളുകൾ തെരഞ്ഞെടുക്കുന്നതിന് പുതിയ മാനദണ്ഡങ്ങളനുസരിച്ച് നടപടി സ്വീകരിച്ചുവരുന്നു.

ആദിവാസി ഭൂമിയിൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനാനുമതി

228 (6679) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആദിവാസികൾക്കായി നൽകിയിട്ടുള്ള ഭൂമിയിൽ കരിങ്കൽ ക്വാറികൾ പ്രവർത്തിക്കുന്നത് സംബന്ധിച്ച് പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

കോഴിക്കോട് ജില്ലയിലെ മൈസൂർമല മായങ്ങൽ പട്ടികവർഗ്ഗ കോളനിയിലെ തോട്ടക്കയം രാമന്റെ ഭാര്യ മണിയുടെ ഒന്നര ഏക്കർ സ്ഥലം പോബ്സൺ എന്ന കമ്പനി കയ്യേറി കരിങ്കൽ ക്വാറി നടത്തിക്കൊണ്ടിരിക്കുകയാണെന്ന് കോഴിക്കോട് ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അറിയിച്ചിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്നത് കൊടിയത്തൂർ വില്ലേജിലെ പന്നിക്കോട് ദേശത്ത് റീസർവ്വേ നമ്പർ 172-ൽ ഉൾപ്പെടുന്ന പ്രദേശത്താണെന്ന് കാരശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതായും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പോബ്സൺ കമ്പനി ക്വാറി നടത്തുന്ന സ്ഥലത്തിന്റെ റവന്യൂ രേഖകൾ പരിശോധിച്ച് പട്ടികവർഗ്ഗ വിഭാഗക്കാരുടെ ഭൂമി കയ്യേറിയതിനെതിരെ നിയമ നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂവകുപ്പ് അധികൃതരോടും അനധികൃത ക്വാറിയുടെ പ്രവർത്തനങ്ങൾ നിർത്തിവയ്ക്കണമെന്ന് മൈനിംഗ് &ജിയോളജി വകുപ്പ് അധികൃതരോടും ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോടും ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ അഭ്യർത്ഥിച്ചിട്ടുള്ളതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

മാനന്തവാടി താലൂക്ക് വെള്ളമുണ്ട ഗ്രാമപഞ്ചായത്തിൽ വാളാരംകുന്ന് കാട്ടുനായ്ക്ക കോളനിയോട് ചേർന്ന് കോളനിസ്ഥലത്ത് നടത്തുന്ന ക്വാറിയുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന്വേണ്ട നടപടികൾ സ്വീകരിക്കണമെന്ന് റവന്യൂ അധികാരികളോട് ആവശ്യപ്പെട്ടിട്ടുള്ളതായി മാനന്തവാടി ട്രൈബൽ ഡെവലപ്മെന്റ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അട്ടപ്പാടിയിലെ ആദിവാസി കുട്ടികളെ അനാഥാലയങ്ങളിലേക്ക് കൊണ്ടുപോകുന്ന സംഭവം

229 (6680) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായിക്ചബാംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അട്ടപ്പാടിയിലെ ആദിവാസി കോളനികളിൽനിന്നും കുട്ടികളെ സംസ്ഥാനത്തെ വിവിധ അനാഥാലയങ്ങളിലേക്ക് കൊണ്ടുപോകുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എത്ര കുട്ടികളെ ഇപ്രകാരം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ; ഏവിടെയെല്ലാം കൊണ്ടുപോയിട്ടുണ്ടെന്നാണ് കണ്ടെത്തിയിട്ടുള്ളത് ;

(സി) കുട്ടികളെകൊണ്ടു പോകുന്നത് ഐ.ടി.ഡി.പി.യുടെ ശ്രദ്ധയിൽ പ്പെട്ടിരുന്നോ ; പ്രസ്തുതവിവരം വകുപ്പിനെ അറിയിച്ചിട്ടുണ്ടോ ; അതിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly